## മുല്ലപ്പെരിയാർ: സ്കെയിലിൽ 136

### തമിഴ്നാട് കണക്കിൽ 135.5 അടി

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിലെ പെയിന്റ് ഉപയോഗിച്ചെഴുതിയ സ്കെയിലിൽ ജലനിരപ്പ് 136 അടി പിന്നിട്ടപ്പോൾ തമിഴ്നാടിന്റെ ഔദ്യോഗിക കണക്കിൽ ഇന്നലെ വൈകുന്നേരം ജലനിരപ്പ് 135.5 അടിയാണ്. തമിഴ്നാട് തന്നെ രേഖപ്പെടുത്തിയതാണ് അണക്കെട്ടിലെ ജലനിരപ്പ് സൂചിപ്പിക്കുന്ന സ്കെയിൽ. ഡിജിറ്റൽ ഉപകരണം ഉപയോഗിച്ചുള്ള റീഡിംഗാണ് ശേഖരിക്കുന്നതെന്നാണ് തമിഴ്നാട് ഉദ്യോഗസ്ഥരുടെ നിലപാട്.

കരിമ്പനു സമീപം പകുതിപ്പാലത്തുനിന്നുള്ള പെരിയാറിന്റെ ദൃശ്യം. ചെറുതോണി ഡാമിന്റെ ഷട്ടർ തുറക്കുമ്പോൾ ഇതുവഴിയാണ് വെള്ളം കുതിച്ചൊഴുകുന്നത്.

- ബിബിൻ സേവ്യർ

# എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ സേനാ വിന്യാസം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം:** ഇടുക്കി അണക്കെട്ടു നാളെ തുറന്നു ട്രയൽ റൺ നടത്തുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ സേനാവിന്യാസം നടത്തും. എന്തു സാഹചര്യവും നേരിടാൻ തക്കവണ്ണം കര-വ്യോമ- നാവിക സേനകളെ വിന്യസിക്കും. ഇതോടൊപ്പം തീരസംരക്ഷണ സേനയും ബോട്ടുകളിൽ രക്ഷാ പ്രവർത്തനത്തിനു സജ്ജമായതായി സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി അറിയിച്ചു.

ദേശീയ ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് ഇന്നലെ രാത്രിയോടെ ഇടുക്കിയിലെത്തി. മറ്റു യൂണിറ്റുകൾ എറണാകുളം, ആലുവ, തൃശൂർ എന്നിവിടങ്ങളിലുണ്ടാകും. കര- നാവിക- വ്യോമ സേനകളുടെ സഹായം ഇവർക്ക് ഉറപ്പാക്കിയിട്ടുണ്ട്.

ഇടുക്കി അണക്കെട്ടു തുറക്കേണ്ട സാഹചര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി അറിയിച്ചു. സേനകൾക്കും ആവശ്യമായ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള എല്ലാ മുന്നറിയിപ്പുകളും ജനങ്ങൾ പാലിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

**Deepika**
**30 July 2018**
**Devloyment of troops in Ernakulam, Idukki and Thrissur Districts**